# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
***പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-*** 686560
***ഫോൺ:*** 0481-2733370

## വാർത്താക്കുറിപ്പ്

**2025 ഓഗസ്റ്റ് 22**

---

## എബിലിറ്റി എൻഹാൻസ്മെന്റ് കോഴ്സുകൾ; സെപ്റ്റംബർ 10 വരെ അപേക്ഷിക്കാം

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ സെന്റർ ഫോർ ഡിസ്റ്റന്റസ് ആന്റ് ഓൺലൈൻ എജ്യുക്കേഷൻ സംസ്ഥാനത്തെ ഓണേഴ്സ് ബിരുദ വിദ്യാർഥികൾക്കായി നടത്തുന്ന ഓൺലൈൻ എബിലിറ്റി എൻഹാൻസ്മെന്റ് കോഴ്സുകളിലേക്ക് സെപ്റ്റംബർ 10 വരെ അപേക്ഷിക്കാം. ജർമൻ, ഫ്രഞ്ച്, തമിഴ് എന്നിവയാണ് കോഴ്സുകൾ.*

*വിദ്യാർഥികളുടെ അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റ്സിലേക്ക് ട്രാൻസ്ഫർ ചെയ്യാവുന്ന മൂന്നു ക്രെഡിറ്റുകളുള്ള ഈ കോഴ്സുകൾക്ക് സെമസ്റ്ററിന് 1500 രൂപയാണ് ഫീസ്. ഒരേസമയം ഒന്നിലധികം കോഴ്സുകൾ ചെയ്യാനും സൗകര്യമുണ്ട്.* cdoe.mgu.ac.in *ൽ അപേക്ഷ സമർപ്പിക്കാം. ഫോൺ 0481 2731010, 9188918258 , 9188918256, 8547852326.*

*(പി.ആർ.ഒ/39/1970/2025)*

## പിഎച്ച്ഡി പ്രവേശനം; റിട്ടൺ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ്

*മഹാത്മാ ഗാന്ധി സർവകലാശാല 2025 വർഷത്തെ പിഎച്ച്ഡി പ്രവേശനത്തിനുള്ള റിട്ടൺ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റിന്(യുജിസി-നെറ്റ് പരീക്ഷ ലിസ്റ്റിൽ ഉൾപ്പെടാത്ത വിഷയങ്ങൾക്കു മാത്രം) അപേക്ഷ ക്ഷണിച്ചു. ഓഗസ്റ്റ് 23 മുതൽ സെപ്റ്റംബർ 12 വരെ* phdadmission.mgu.ac.in *എന്ന പോർട്ടലിൽ അപേക്ഷ നൽകാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ* (www.mgu.ac.in)

*(പി.ആർ.ഒ/39/1971/2025)*

## പരീക്ഷാ ഫലം

*മൂന്നാം സെമസ്റ്റർ എംഎസ്സി സൈബർ ഫോറൻസിക്ക്, എംഎ ജേർണലിസം ആന്റ് മാസ്സ് കമ്മ്യൂണിക്കേഷൻസ് (2023 അഡ്മിഷൻ - തോറ്റവർക്കുള്ള സ്പെഷ്യൽ റീഅപ്പിയറൻസ് ഏപ്രിൽ 2025) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും സെപ്തംബർ നാലു വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ* studentportal.mgu.ac.in *എന്ന ലിങ്കിൽ.*

…..

*മൂന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് കോമേഴ്സ് (2023 അഡ്മിഷൻ - തോറ്റവർക്കുള്ള സ്പെഷ്യൽ റീഅപ്പിയറൻസ് ഏപ്രിൽ 2025) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും സെപ്തംബർ അഞ്ചു വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1972/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**